പ്രസ്സ് റിലീസ് ജൂൺ 10, 2013

# പനി : 1012 ഹോമിയോ ചികിത്സാ കേന്ദ്രങ്ങളിലും മരുന്നുകൾ ലഭ്യം

പകർച്ചപ്പനി ചികിത്സയ്ക്കും പ്രതിരോധത്തിനുമുള്ള ഹോമിയോ മരുന്നുകൾ സംസ്ഥാനത്തെ 611 ഗവ. ഹോമിയോ ഡിസ്പെൻസറികളിലും 371 എൻ.ആർ.എച്ച്.എം ഡിസ്പെൻസറികളിലും 30 ഹോമിയോ ആശുപത്രികളിലും ലഭ്യമാണെന്ന് ഹോമിയോപ്പതി ഡയറക്ടർ ഡോ. കെ. ജമുന അറിയിച്ചു. ഇവയിലെല്ലാം വിദഗ്ധ ചികിത്സയും ലഭ്യമാണ്. ഓരോ ജില്ലയിലും മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, പ്രതിരോധ മരുന്നുകളുടെ വിതരണം എന്നിവ സംഘടിപ്പിക്കുന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

ഇതു സംബന്ധിച്ച കാര്യങ്ങൾക്ക് ബന്ധപ്പെടേണ്ട, ഹോമിയോ ഡി.എം.ഒ ഓഫീസുകളുടെ ഫോൺ നമ്പരുകൾ – തിരുവനന്തപുരം : 0471 2474266, കൊല്ലം : 0474 2797220, ആലപ്പുഴ : 0477 2242609, പത്തനംതിട്ട : 0473 4226063, ഇടുക്കി : 0486 2227326, കോട്ടയം : 0481 2583516, എറണാകുളം : 0484 2345687, തൃശ്ശൂർ : 0487 2386643, പാലക്കാട് : 0491 2576355, കോഴിക്കോട് : 0495 2371748, മലപ്പുറം : 0483 2731387, കണ്ണൂർ : 0497 2711726, വയനാട് : 0493 6205949, കാസർഗോഡ് : 0467 2206886.

ആരോഗ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറി
(9946 105965)